മനസ്സറിയുക ശരീരവും

ഡോ. (സി.) ഷാലു കോയിക്കര

# ഏകാന്തത വ്യക്തിത്വവികാസത്തിന് തടസ്സം

ആൾക്കൂട്ടത്തിൽ ഏകാകിയായിരിക്കുന്ന യുവജനങ്ങളുടെ സംഖ്യ ഇന്ന് വളരെ കൂടുതലാണ്. കുട്ടികളുടെ മാനസിക പ്രശ്നങ്ങളിൽ നല്ലൊരുഭാഗം ഇതുമൂലമുണ്ടാകുന്നതാണ്. പത്താംക്ലാസ്സിൽ പഠിക്കുന്ന കുട്ടികളുടെ ഇടയിൽ നടത്തിയ പഠനത്തിൽ 21.35% കുട്ടികൾ തങ്ങളെ ആരും സ്നേഹിക്കാനില്ല എന്നു ചിന്തിക്കുന്നവരാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. പെരുമാറ്റ വൈകല്യമുള്ളവരിൽ നല്ലൊരു ഭാഗം ഈ ഗണത്തിൽപെടുന്നവരാണ്.

എന്താണീ ഏകാന്തത? ഏകാന്തതയുടെ നിമിഷങ്ങളിൽ ഈ പ്രപഞ്ചത്തിലെ ഒന്നിനോടും ആരോടും ബന്ധപ്പെടാൻ സാധിക്കാതെ വരുന്നു. മനസ്സിൽ ശൂന്യത അനുഭവപ്പെടുന്നു. താനും ലോകവും മറ്റുള്ളവരും തമ്മിൽ ബന്ധിക്കപ്പെട്ടിട്ടില്ലാത്ത അവസ്ഥയായും അനുഭവപ്പെടുന്നു. താൻ എല്ലാത്തിൽ നിന്നും വേർപെട്ട് നില്ക്കുന്നതായി തോന്നുന്നു. ഈ നിമിഷങ്ങളിൽ താൻ അനാഥനാണെന്ന ചിന്തയും ബലപ്പെട്ടേക്കാം.

> **ശിശുവായിരിക്കുമ്പോൾ അമ്മയുമായുള്ള അടുപ്പം ആരോഗ്യകരമായ രീതിയിൽ അനുഭവിക്കാൻ സാധിക്കാത്ത വ്യക്തിയെ സംബന്ധിച്ച് ഏകാന്തത തീവ്രമായിരിക്കും. മാത്രമല്ല അതു നിരന്തരമുള്ള അനുഭവവുമായിരിക്കും. വ്യക്തിബന്ധങ്ങളിൽ മാനസിക അടുപ്പം അനുഭവിക്കാൻ ആ വ്യക്തിക്കു എളുപ്പമായിരിക്കുകയില്ല.**



## മനുഷ്യസഹജം

ജീവിതത്തിലൊന്നെങ്കിലും ഏകാന്തത അനുഭവിക്കാത്തവരായി ആരുമുണ്ടാകുമെന്നു തോന്നുന്നില്ല. അത് മനുഷ്യസഹജമാണ്. ഏകാന്തതയും ഗാഢമായ അടുപ്പവും മനുഷ്യമനസ്സിന്റെ രണ്ടു വ്യത്യസ്തമായ അനുഭവങ്ങളാണ്. ഒരു കുഞ്ഞ് അമ്മയുടെ ഉദരത്തിലായിരിക്കുമ്പോൾ അമ്മയുമായി ഒന്നായിരിക്കുന്ന അവസ്ഥയാണ്. ഒരു പക്ഷേ രണ്ടു മനുഷ്യവ്യക്തികൾ തമ്മിൽ ഇതിനെക്കാൾ ദൃഢമായ അടുപ്പം അസാധ്യവുമാണ്.



ചില പ്രത്യേക സാഹചര്യങ്ങളിൽ മനുഷ്യന്റെ ഓർമ അവന്റെ അസ്തിത്വത്തിന്റെ ആഴങ്ങളിലേക്ക് അവനെ കൊണ്ടുചെന്നെത്തിക്കും. ഏകാന്തത അതിനാൽതന്നെ നിഷേധാത്മകമല്ല. മാത്രമല്ല അതിനു ചില പ്രത്യേക ലക്ഷ്യങ്ങളുമുണ്ട്.

ശിശുവായിരിക്കുമ്പോൾ അമ്മയുമായുള്ള അടുപ്പം ആരോഗ്യകരമായ രീതിയിൽ അനുഭവിക്കാൻ സാധിക്കാത്ത വ്യക്തിയെ സംബന്ധിച്ച് ഏകാന്തത തീവ്രമായിരിക്കും. മാത്രമല്ല അതു നിരന്തരമുള്ള അനുഭവവുമായിരിക്കും. വ്യക്തിബന്ധങ്ങളിൽ മാനസിക അടുപ്പം അനുഭവിക്കാൻ ആ വ്യക്തിക്കു എളുപ്പമായിരിക്കുകയില്ല.

കുഞ്ഞിന്റെ ശാരീരികാവശ്യങ്ങൾ സാധിച്ചുകിട്ടിയതുകൊണ്ടുമാത്രം അമ്മയുമായി അടുത്തബന്ധം ഉണ്ടാകണമെന്നില്ല. അത് അമ്മയുടെ മാനസികാവസ്ഥയെയും ആരോഗ്യത്തെയുമൊക്കെ ആശ്രയിച്ചാണിരിക്കുന്നത്. കുഞ്ഞു കാണിക്കുന്ന അടയാളങ്ങളോട് അമ്മ എങ്ങനെ പ്രതികരിക്കുന്നു എന്നുള്ളത് ഇവിടെ വളരെ പ്രധാനപ്പെട്ട കാര്യമാണ്. എല്ലാ അമ്മമാർക്കും ഇതിനുള്ള കഴിവ് ഒരുപോലെയല്ല. വ്യക്തിബന്ധത്തിലുള്ള അമ്മയുടെ താത്പര്യം പോലെ തന്നെ പ്രധാനപ്പെട്ടതാണ് കുഞ്ഞിന്റെ കഴിവും. ചുരുക്കിപ്പറഞ്ഞാൽ അമ്മയും കുഞ്ഞും തമ്മിലുള്ള ബന്ധത്തിന്റെ രൂപീകരണത്തിൽ അവർ പരസ്പരം സ്വാധീനിക്കുന്നു.

എല്ലാ കുട്ടികളും ഒരുപോലെ അമ്മയുമായുള്ള ബന്ധത്തിനായി മുൻകൈ എടുക്കുകയോ അമ്മയുടെ ശ്രമങ്ങളോട് സഹകരിക്കുകയോ ചെയ്യുന്നില്ല. ഓരോ കുഞ്ഞിനും അവരുടേതായ സ്വതസ്സിദ്ധമായ പ്രത്യേകതകളുണ്ട്. ഒരമ്മയ്ക്ക് കുഞ്ഞുമായി വേണ്ടരീതിയിൽ ഇടപഴകാനും സംരക്ഷണം നല്കാനും സാധിക്കണമെങ്കിൽ ഭർത്താവിന്റെയും വീട്ടിലെ മറ്റുള്ളവരുടെയും സഹായം ആവശ്യമാണ്. അമ്മയും അച്ഛനും തമ്മിലുള്ള നിരന്തരസംഘട്ടനങ്ങളും മറ്റുള്ളവരിൽ നിന്നുണ്ടാകുന്ന അസ്വസ്ഥതകളും അമ്മയും കുഞ്ഞും തമ്മിലുള്ള ബന്ധത്തെ സാരമായി ബാധിക്കും. അതുകൊണ്ട് വീട്ടിൽ സ്നേഹവും സ്വസ്ഥതയുമുള്ള ഒരന്തരീക്ഷം ഉണ്ടാവുകയെന്നത് ആവശ്യമായ കാര്യമാണ്.

## ആത്മബന്ധം

മറ്റുള്ളവരുമായി ബന്ധം സ്ഥാപിക്കാനുള്ള കുട്ടിയുടെ കഴിവനുസരിച്ച് കൗമാരത്തിലെ ഏകാന്തതയുടെ കാര്യത്തിലും വ്യത്യാസം കാണും. ചെറുപ്പത്തിൽ ആരുമായും ഉറ്റ സുഹൃദ്ബന്ധം സ്ഥാപിക്കാൻ കഴിയുന്നില്ലെങ്കിൽ മാതാപിതാക്കൾ അതു മനസ്സിലാക്കുകയും പരിഹാരം കണ്ടെത്താൻ കുട്ടിയെ സഹായിക്കുകയും ചെയ്യേണ്ടതാണ്.

> **വ്യക്തികളുമായുള്ള ആഴമായ മനസിക അടുപ്പം പോലെതന്നെ ജീവിതത്തിന്റെ മറുവശമാണ് ഏകാന്തതയെന്നും അതിനെ ക്രിയാത്മകമായി എങ്ങനെ കൈകാര്യം ചെയ്യണമെന്നും കൗമാരക്കാർ മനസ്സിലാക്കിയാൽ അവർക്കതൊരു ഭാരമായി മാറുകയില്ല. അതിനവരെ സഹായിക്കുക എന്നുള്ളതാണ് മാതാപിതാക്കളുടെയും മുതിർന്നവരുടെയും കടമ. ഒരു പക്ഷേ ഏകാന്തതയെക്കുറിച്ചു പ്രതിപാദിക്കുന്ന പുസ്തകവായനയും ക്ലാസ്സുകളുമൊക്കെ കൗമാരക്കാർക്കു നല്കുന്നതും ഗുണകരമാണ്. കുട്ടികളുടെ പഠനകാര്യത്തോടൊപ്പം തന്നെ ഇങ്ങനെയുള്ള കാര്യങ്ങളിലും മാതാപിതാക്കളുടെ ശ്രദ്ധ പതിയേണ്ടത് അനിവാര്യമാണ്.**

ചില മാനസികരോഗാവസ്ഥയുടെ ആരംഭമായും ഏകാന്തത കൗമാരക്കാർക്ക് അനുഭവപ്പെടാം. വിഷാദരോഗം, ബോർഡർ ലൈൻ പേർസണാലിറ്റി ഡിസോർഡർ തുടങ്ങിയവ അവയിൽ ചിലതാണ്. പല മാനസിക വൈകല്യങ്ങളും കൂടുതൽ പ്രകടമാകുന്നത് കൗമാരത്തിലാണ്. തങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ച് കൂടുതൽ ബോധമുള്ളവരാകുന്നതോടുകൂടി ചിലർ തങ്ങളിലേക്കു തന്നെ ഉൾവലിയാറുണ്ട്. ഈ പ്രായത്തിലെ മാറ്റങ്ങൾ സ്വീകരിക്കാൻ ബുദ്ധിമുട്ടുവരുന്നതുകൊണ്ടാണ് ഈ ഉൾവലിച്ചിൽ കൂടുതലായുണ്ടാകുന്നത്. ഇങ്ങനെയുള്ളവരിൽ ഏകാന്തത കൂടുതലായി അനുഭവപ്പെടും.

കുട്ടികൾക്ക് പലപ്പോഴും ഏകാന്തതയെ തിരിച്ചറിയാൻ പറ്റുന്നുണ്ടായിരിക്കില്ല. മനസ്സിന്റെ ഒരസ്വസ്ഥതയെന്ന നിലയിൽ മാത്രമായിരിക്കും അവരതിനെ കാണുക. അതുകൊണ്ടു തന്നെ അതിനുള്ള പരിഹാരമാർഗങ്ങളായി അനാശാസ്യമായ പലതും അവർ കണ്ടുപിടിക്കും. അവയിൽ ചിലതാണ് മയക്കുമരുന്ന്, മദ്യം, അനാരോഗ്യകരമായ കൂട്ടുകെട്ട്, സ്വയംഭോഗം, പ്രേമബന്ധം തുടങ്ങിയവ. എന്നാൽ ഇവയൊന്നും പരിഹാരമാർഗങ്ങളല്ലെന്നു മാത്രമല്ല കൂടുതൽ കുഴപ്പങ്ങളിലേക്കാവും അവർ ചെന്നുപെടുക.

കുട്ടികൾ ഏകാന്തതയെ തിരിച്ചറിയാൻ പഠിക്കുക ആവശ്യമാണ്. മറ്റുള്ളവരുമായി അതേക്കുറിച്ച് സംസാരിക്കാനും അവർക്ക് കഴിയണം. കൂടുതൽ ആഴമുള്ള നല്ല സുഹൃദ്ബന്ധങ്ങൾ സ്ഥാപിക്കാൻ അവരെ മാതാപിതാക്കളും മറ്റും പ്രോത്സാഹിപ്പിക്കണം.

വ്യക്തികളുമായുള്ള ആഴമായ മനസിക അടുപ്പം പോലെതന്നെ ജീവിതത്തിന്റെ മറുവശമാണ് ഏകാന്തതയെന്നും അതിനെ ക്രിയാത്മകമായി എങ്ങനെ കൈകാര്യം ചെയ്യണമെന്നും കൗമാരക്കാർ മനസ്സിലാക്കിയാൽ അവർക്കതൊരു ഭാരമായി മാറുകയില്ല. അതിനവരെ സഹായിക്കുക എന്നുള്ളതാണ് മാതാപിതാക്കളുടെയും മുതിർന്നവരുടെയും കടമ. ഒരു പക്ഷേ ഏകാന്തതയെക്കുറിച്ചു പ്രതിപാദിക്കുന്ന പുസ്തകവായനയും ക്ലാസ്സുകളുമൊക്കെ കൗമാരക്കാർക്കു നല്കുന്നതും ഗുണകരമാണ്. കുട്ടികളുടെ പഠനകാര്യത്തോടൊപ്പം തന്നെ ഇങ്ങനെയുള്ള കാര്യങ്ങളിലും മാതാപിതാക്കളുടെ ശ്രദ്ധ പതിയേണ്ടത് അനിവാര്യമാണ്.

▣

CYAN MAGENTA YELLOW BLACK



# ചെറിയതുറയിൽ വെടിമുഴങ്ങിയത് ആർക്കുവേണ്ടി?

## ചുവരെഴുത്തുകൾ

ശ്വേതകേതു

**കമ്യൂണിസ്റ്റു ഭരണത്തിന്റെ നാളുകളിൽ മാത്രം നിയമപാലകന്റെ ഉന്നം തെറ്റാതെ വെടിയുണ്ട തെരഞ്ഞുപിടിച്ച് തെറിപ്പിക്കുന്ന ചോരപ്പാടുകൾ ഇത് ആദ്യമല്ല ചെറിയതുറയുടെ മുഖങ്ങളിൽ പതിയ്ക്കുന്നത്. ബീമാപള്ളിയ്ക്കു സമീപം ചെറിയതുറയിൽ ഗർഭിണിയായ ഫ്ളോറി, പോലീസിന്റ വെടിയേറ്റു വീണത് 1959 ജൂലൈ മൂന്ന് വെള്ളിയാഴ്ച നട്ടുച്ചയ്ക്കായിരുന്നു. അഞ്ചു പിഞ്ചുകുഞ്ഞുങ്ങളുടെ മാതാവായിരുന്ന മുപ്പതുകാരിയുടെ വിറങ്ങലിച്ച ജഡമാണ് ഇഎംഎസ് മന്ത്രിസഭയുടെ ആയുസ്സ് കെടുത്തിയതും.**

"കടലിന് കറുത്ത നിറമായിരുന്നു. ഒരു കൊട്ടാരവും മഹാനഗരവും വിഴുങ്ങിക്കഴിഞ്ഞിട്ടും വിശപ്പടങ്ങാത്ത പോലെ തിരകൾ തീരത്ത് അലതല്ലിക്കൊണ്ടലറി. പ്രാകാരങ്ങളുടെ നുറുങ്ങിയ കൽക്കെട്ടുകൾ. തിരകൾ എടുത്തെറിഞ്ഞപ്പോൾ തകരാതെ രക്ഷപ്പെട്ട ഒരൊറ്റത്തേര് മണലിൽ നുകം പൂഴ്ത്തി ചരിഞ്ഞുകിടക്കുന്നു." മഹാഭാരത യുദ്ധത്തിനുശേഷം പഴയ ദ്വാരകയുടെ അവശിഷ്ടങ്ങളെ നോക്കിക്കാണുന്ന യുധിഷ്ഠിരൻ; ഇടറാൻ തുടങ്ങുന്ന മനസ്സിനെ ശാസിച്ചു: ഓർക്കുക, ആരംഭത്തിനെല്ലാം അവസാനമുണ്ട്.

രാഷ്ട്രീയ കേരളത്തിലെ വർത്തമാനകാലം കലാപത്തിനു നീക്കിവച്ച ദുരന്തഭൂമിയിലേക്കു കണ്ണുപായിക്കുമ്പോൾ എംടിയുടെ രണ്ടാമൂഴം ഒരു പുനർവായനയുടെ ശീലുകൾ നിവർത്തുകയാണ്. മതവും രാഷ്ട്രീയവും നിയമപാലകരും ചേർന്ന പാരസ്പര്യത്തിന്റെ താളക്കേടിൽ തീക്കൊള്ളിയെടുക്കുന്ന അധോലോകജ്ജന്മാർക്ക് തേർവാഴ്ച നടത്താൻ ലഭിക്കുന്ന സുവർണാവസരം മേൽഘടകങ്ങളിലെ വിശ്വാസവഴിയിലുണ്ടാവുന്ന വിള്ളലല്ലേ?

ലോക്സഭാ തെരഞ്ഞെടുപ്പുഫലം പുറത്തുവന്നതിന്റെ പിറ്റേന്നാൾ നിശ്ചിത സമയത്ത് ചിത്രീകരണം നടത്താനുതകും വിധം ഒരു തിരനാടകം രൂപപ്പെട്ടപ്പോൾ ആറുജീവാത്മാക്കൾ നിലംപൊത്തി; തിരുവനന്തപുരം ജില്ലയിലെ ചെറിയതുറയിൽ. കമ്യൂണിസ്റ്റു ഭരണത്തിന്റെ നാളുകളിൽ മാത്രം നിയമപാലകന്റെ ഉന്നം തെറ്റാത്ത വെടിയുണ്ട തെരഞ്ഞുപിടിച്ച് തെറിപ്പിക്കുന്ന ചോരപ്പാടുകൾ ഇത് ആദ്യമല്ല ചെറിയതുറയുടെ മുഖങ്ങളിൽ പതിക്കുന്നത്. ബീമാപള്ളിക്കു സമീപം ചെറിയതുറയിൽ ഗർഭിണിയായ ഫ്ളോറി, പോലീസിന്റ വെടിയേറ്റു വീണത് 1959 ജൂലൈ മൂന്ന് വെള്ളിയാഴ്ച നട്ടുച്ചയ്ക്കായിരുന്നു. അഞ്ചു പിഞ്ചുകുഞ്ഞുങ്ങളുടെ മാതാവായിരുന്ന ആ മുപ്പതുകാരിയുടെ വിറങ്ങലിച്ച ജഡമാണ് ഇഎംഎസ് മന്ത്രിസഭയുടെ ആയുസ്സ് കെടുത്തിയതും.

അക്കാലത്തെ സായാഹ്നങ്ങളിൽ അന്തിച്ചന്തയിലും തെരുവോരങ്ങളിൽ നിന്നും കേൾക്കാനായ വിലാപഗീതം 'അറബിക്കടലിന്റെ അശ്രുഗീത' അഥവാ രക്തസാക്ഷിയായ ഫ്ളോറിയായിരുന്നു. ചൂടപ്പം പോലെ വിറ്റുപോയ അമ്പതു പൈസയുടെ പുസ്തകത്തിലൂടെ ഭരണത്തെയും കമ്യൂണിസ്റ്റ് പ്രസ്ഥാനത്തെയും ഞെരിച്ചമർത്താൻ തെരുവുഗായകർക്ക് കഴിഞ്ഞു.

*എന്തിനു സ്വാതന്ത്ര്യം സിദ്ധിച്ചു,*
*വർഗീയചിന്തയെത്തട്ടി-*
*യുണർത്തുവാനോ?*
*എന്തിനു സ്വാതന്ത്ര്യം സിദ്ധിച്ചു,*
*ഹൃദ്രക്തം ചിന്തും തുപ്പാക്കി*
*ചൂണ്ടുവാനോ?*

കൊല്ലം അസീസിയുടെ രാഷ്ട്രീയ വിലാപകാവ്യം പിടിച്ചുലച്ചതും കുത്തിനോവിച്ചതും നരനായാട്ടിനു കുടപിടിച്ച ഭരണക്കാരെയും!

ചെറിയതുറയിൽ ഇരുവിഭാഗങ്ങൾ ഏറ്റുമുട്ടി, സംഘർഷം തുടരുന്നുവെന്ന പത്രഭാഷ്യത്തിന്റ കാണാച്ചരട് എന്തെന്ന്, മരിച്ചുവീണവരുടെ പേരും നാളും നോക്കി ഇഴപിരിച്ച് രൂപപ്പെടുത്താനുള്ള മർത്യഭാവന ചമയ്ക്കുന്ന ഉപകഥകൾ മതിയാവും; രാഷ്ട്രീയത്തിനും മതത്തിനും ഏറെക്കാലം ആഘോഷിക്കാൻ! മാനാഭിമാനമുയർത്തുന്ന മതേതരത്വം പഠിപ്പിച്ചിരിക്കുന്ന പൗരധർമവും നാട്ടുമര്യാദയും അതാണല്ലോ? സംസ്ഥാനത്തെ രാഷ്ട്രീയ കാലാവസ്ഥ നേരിടുന്നതാവട്ടെ പ്രവചനാതീതമായ കോളിളക്കം സൃഷ്ടിക്കാനാവുന്ന ന്യൂനമർദവും. മാരത്തോൺ ചർച്ചകളിലൂടെ മഹത്തായ തോല്വിയുടെ മർമം തേടുന്നവർക്ക് ജനശ്രദ്ധയും തിരിച്ചുവിടേണ്ടതുണ്ട്. രാവിന്റെ മറക്കുട ഭേദിച്ച് പകലനക്കത്തിൽ സംഭവത്തിന്റെ ചുരുൾ ഇതാ അഴിഞ്ഞുതുടങ്ങിയിരിക്കുന്നു.

ദേശാഭിമാനി രേഖപ്പെടുത്തിയിരിക്കുന്നത് മെയ് 17ന് പകൽ മൂന്നുമണിയോടെ ഇരുനൂറിലധികം വരുന്ന സംഘം ബീമാപള്ളി ഭാഗത്തുനിന്ന് അക്രമം അഴിച്ചുവിടാൻ തുടങ്ങിയെന്നും, തീരത്തുകൂടി ചെറിയതുറ അസംപ്ഷൻ പള്ളിയിലേക്ക് നീങ്ങിയ സംഘം മത്സ്യതൊഴിലാളികളെ അക്രമിച്ചുവെന്നുമാണ്. നാടൻബോംബ്, തോട്ട, വാൾ, വടി, കല്ല് എന്നിവ ഉപയോഗിച്ചായിരുന്നത്രെ. അക്രമം. സാമൂഹ്യസന്തുലിതാവസ്ഥ തകരാറിലാവുന്ന തരത്തിലുള്ള അഴിഞ്ഞാട്ടം മുളയിലെ നുള്ളേണ്ട നിയമപാലകർ മനക്കണക്കു കൂട്ടുമ്പോൾ പോരാട്ടക്കാരുടെ ഗൃഹപാഠം പൂർത്തിയായിരുന്നു.

നിസ്സാരകാര്യത്തിന് പോർവിളി മുഴക്കുന്ന കടൽത്തീരത്തെ ഉപ്പുകാറ്റിനു പോലും രൗദ്രഭാവമുണ്ടെന്നറിയുന്നവരും കല്പനകൾക്ക് കാത്തിരിക്കാതെ ഒരുങ്ങിയിറങ്ങുകയായിരുന്നു കൂട്ടക്കുരുതിക്ക്. കൂലിത്തല്ലും പണപ്പിരിവും വധഭീഷണിയും കൊണ്ട് അപ്പം ഭക്ഷിക്കുന്ന ഒരു ഗുണ്ടയെ തളയ്ക്കാൻ കഴിയാത്തവർ നിരപരാധികളെ വെടിവച്ചു വീഴ്ത്തി ഭീരുത്വത്തിന് സ്വാർജിത ചമത്ക്കാരം നല്കുകയായിരുന്നു. കരുത്തുചോർന്ന രക്ഷകന്മാരുടെ കൈയിൽ കളിക്കോപ്പാവുകയായിരുന്നു തോക്കുപോലും.

**ക്രമസമാധാനനില വഷളാവുന്ന സ്ഥലങ്ങളിൽ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ സാന്നിധ്യം പോലീസിന് ആവശ്യപ്പെടാം; ഇവിടെ അതും ഉണ്ടായില്ല ജില്ല മജിസ്ട്രേറ്റു കൂടിയായ കളക്ടറോ, സബ്ഡിവിഷനൽ മജിസ്ട്രേറ്റായ സബ്കളക്ടറോ വെടിവയ്ക്കാൻ ഉത്തരവ് നല്കണമെന്നിരിക്കെ ആരാണ് മുന്നിട്ടിറങ്ങിയത്. കേട്ടു കേൾവിയുടെ അടിസ്ഥാനത്തിൽ ലാത്തിയും തോക്കുമെടുത്ത് പെരുമാറുന്നതിനോളം ഭീകരവാഴ്ച മറ്റെന്തുണ്ട്! വെടിവയ്പിന് ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്ത് കൊലക്കുറ്റത്തിന് കേസെടുക്കണമെന്ന മുസ്ലീംലീഗിന്റെയും പ്രതിപക്ഷ നേതാവിന്റെയും അവശ്യം ആർക്ക് നിരാകരിക്കാനാവും? ജില്ലാ മജിസ്ട്രേറ്റിന്റെ ഉത്തരവും മറിച്ചല്ല.**

കാഞ്ചിവലിച്ചുള്ള കൈത്തഴക്കമോ, പ്രതിയോഗികൾ നിസാരക്കാരല്ലെന്ന തോന്നലോ; വെടിവയ്പിൽ ആറുപേർ മരിച്ചു. പത്തുപേരുടെ തിരുനെഞ്ചിലാണ് വെടിയുണ്ട തറച്ചത്. അടിവയറ്റിലും തിരുനെറ്റിയിലുമായി വേറെ അഞ്ചു പേർക്കും. അരയ്ക്കും കാൽമുട്ടിലും തുടയിലുമായി വെടിയുണ്ടയും ഗ്രനേഡിന്റെ ചീളും തറഞ്ഞ ഇരുപതുപേർ ആശുപത്രിയിലുണ്ട്. വീടുവിട്ടോടിയവരും വീടു നഷ്ടപ്പെട്ടവരും ഏറെയാണ്.

>> 17

## അറിയേണ്ടും വാർത്തകൾ

### കോളറാബാധ

### സിംബാബ്‌വെയിലെ അവസ്ഥ യുദ്ധസമാനം



തെക്കൻ ആഫ്രിക്കൻ രാഷ്ട്രമായ സിംബാബ്‌വെയിൽ സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ച അരക്ഷിതാവസ്ഥയ്ക്കു പിന്നാലെ ഉണ്ടായ കോളറാബാധ യുദ്ധസമാനമായ സ്ഥിതി വിശേഷത്തിലാണ് ഈ പട്ടിണിരാജ്യത്തെ എത്തിച്ചിരിക്കുന്നത്.

2008 ഡിസംബർ മുതൽ രാജ്യത്ത് കോളറാ പ്രതിരോധ നടപടികളിൽ ഏർപ്പെട്ടിരിക്കുന്ന റെഡ്ക്രോസിന്റെ റിപ്പോർട്ടിൽ കോളറാ ബാധിതരുടെ എണ്ണം ഒരു ലക്ഷം പിന്നിട്ടിരിക്കുന്നു. ഇതുവരെയുള്ള മരണമാകട്ടെ 4283 ഉം. ഈ കണക്കുകളെ ആണ് വിശ്വാസത്തിലെടുക്കാൻ കഴിയുന്നത്. സർക്കാർ കണക്കുകൾ പക്ഷേ, ഇതിന്റെ ഏഴയലത്തുപോലും എത്തില്ല. 2008 ഓഗസ്റ്റിലാണ് കോളറ പൊട്ടിപുറപ്പെട്ടത്.

വൃത്തിഹീനമായ പരിസരങ്ങളും ശുദ്ധജലത്തിന്റെ അപര്യാപ്തതയും ഇവയ്ക്കെല്ലാം അടിസ്ഥാനമായ ഭരണകൂടത്തിന്റെ ഉത്തരവാദിത്വരാഹിത്യവുമാണ് ഈ അവസ്ഥയ്ക്കു കാരണം. ഭരണഘടനാപരമായും മറ്റ് ഔദ്യോഗിക രേഖകളനുസരിച്ചും സിംബാബ്‌വെ ഒരു ജനാധിപത്യരാഷ്ട്രമാണെങ്കിലും അവിടത്തെ ഒന്നേകാൽ കോടിയിലധികം വരുന്ന ജനത കഴിഞ്ഞ മൂന്നു പതിറ്റാണ്ടോളമായി റോബർട്ട് മുഗാബെയുടെ ജനാധിപത്യത്തിന്റെ ലേബൽ പതിച്ച ഏകാധിപത്യത്തിനു കീഴിലാണ്.

* * *

### ഫ്രാൻസ് യുഎഇയിൽ 'സമാധാന ക്യാമ്പ്' തുറന്നു



ഫ്രാൻസ് തങ്ങളുടെ ഗൾഫ് മേഖലയിലെ ആദ്യസൈനിക താവളം യുഎഇയിൽ തുറന്നു. 500ഓളം വരുന്ന വ്യോമ, കര, നാവിക സേനാംഗങ്ങൾക്ക് പരിശീലനം നല്കുകയാണ് ലക്ഷ്യം. ഈ താവളത്തെ ഫ്രഞ്ച് അധികൃതർ വിശേഷിപ്പിച്ചത് 'പീസ് ക്യാമ്പ്' എന്നാണ്.

ഗൾഫ് രാജ്യങ്ങൾ യുദ്ധോപകരണങ്ങൾക്കായി ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന രാജ്യങ്ങളിൽ ഒന്നായ ഫ്രാൻസിന്റെ ഈ രംഗപ്രവേശം പക്ഷേ, ഗുരുതരമായ ചർച്ചകൾക്കാണ് മേഖലയിൽ വഴിതുറന്നിരിക്കുന്നത്. 2008ൽ യുഎഇ, ഫ്രാൻസുമായി ഒരു ആണവ സഹകരണ ഉടമ്പടിയിലും ഒപ്പുവെച്ചിരുന്നു.

ഗൾഫ്മേഖലയിലെ തങ്ങളുടെ പങ്കാളി രാഷ്ട്രങ്ങളുമായി ഏതു പ്രത്യേക സാഹചര്യങ്ങളിലും കൈകോർക്കാൻ തയ്യാറാണെന്ന് ഫ്രഞ്ച് പ്രസിഡണ്ട് നിക്കോളാസ് സർക്കോസി വ്യക്തമാക്കി. നാല് മന്ത്രിമാർ, പ്രമുഖ ബിസിനസ് മേധാവികൾ എന്നിവർക്കൊപ്പം അബുദാബിയിലെത്തിയ സർക്കോസി, ഷെയ്ഖ് മുഹമ്മദ് ബിൻ സയേദ് അൽ നഹ്യാൻ രാജകുമാരനുമായി ചർച്ച നടത്തിയിരുന്നു.

CYAN MAGENTA YELLOW BLACK

## >> 5 പുലിമടയിൽപെട്ട ഭീതിയിൽ...

ഇതു കേട്ടപ്പോൾ, പുലികൾ പരസ്പരം സംശയത്തോടെ നോക്കുന്നുണ്ടായിരുന്നു. ഈ അനുകൂല സാഹചര്യം വീണ്ടും പ്രയോജനപ്പെടുത്തി, മൂന്നുനാലു ചെറുപ്പക്കാർ റസ്റ്റോറന്റിലേക്ക് കയറി വരുന്നതു കണ്ടപ്പോൾ എസ്.കെ. പിള്ള ആവേശത്തോടെ പ്രഖ്യാപിച്ചു.

"അതാ, അവരാണെന്നു തോന്നുന്നു"

ഇതു പറഞ്ഞതും, പുലികൾ ഞൊടിയിടയിൽ അപ്രത്യക്ഷരായി! ഞങ്ങൾ ആശ്വാസത്തിന്റെ നിശ്വാസമുതിർക്കുകയും ചെയ്തു.

തുടർന്നുള്ള ദിവസങ്ങളിൽ അവിടെ കഴിച്ചു കൂട്ടിയെന്നേയുള്ളു. കൊളംബോ നഗരത്തിൽ മാത്രമായി വിനോദസഞ്ചാരം. ഉൾനാടുകളിലെക്കൊന്നും പോകാനായില്ല. വെള്ളത്താൽ ചുറ്റപ്പെട്ട പുതിയ പാർലമെണ്ട് മന്ദിരം ചുറ്റി നടന്നു കാണാനായി. നാലു ദിവസത്തെ കറക്കത്തിനു ശേഷം, ഉറക്കം കണ്ണുകളിൽ കയറിപ്പറ്റിയതു തിരുവനന്തപുരത്തിറങ്ങി കാറിൽ കയറിയതിനുശേഷമാണ്.

കഴിഞ്ഞദിവസം, പുലിത്തലവൻ പ്രഭാകരന്റെ ചേതനയറ്റ ശരീരം ടിവി ചാനലിൽ കണ്ടപ്പോൾ ഒരുവർഷം മുമ്പുള്ള ലങ്കൻ സന്ദർശനം ഓർത്തുപോയെന്നു മാത്രം. ഭീകരനായും ഹീറോയായും ലോകജനതയുടെ മുമ്പിൽ കത്തിനിന്ന പ്രഭാകരന്റെ അന്ത്യവും സങ്കല്പത്തിനപ്പുറമായിരുന്നു. സൈനഡു തേച്ച കത്തികളുമായി സിംഹളരെ കുത്തിക്കൊലപ്പെടുത്തിക്കൊണ്ട് ആരംഭിച്ച നരനായാട്ടിന്റെ സ്വാഭാവികമായ അന്ത്യമായിരുന്നു പ്രഭാകരനും നേരിടേണ്ടിവന്നത്. വംശനാശത്തോടെയുള്ള അന്ത്യം.

തമിഴ് ഈഴത്തിനു വേണ്ടിയുള്ള മരണം വിജയമാണെന്ന് അനുയായികളെക്കൊണ്ടു അംഗീകരിപ്പിച്ച പുലിത്തലവന്റെ ജീവിതപോരാട്ടങ്ങൾ വ്യത്യസ്തങ്ങളായിരുന്നു. വിഭ്രാമക സ്വഭാവമുള്ളവയായിരുന്നു. ലങ്കൻ ഭരണകൂടത്തെ മുൾമുനയിൽ നിർത്തി വർഷങ്ങളോളം പാവക്കൂത്ത് നടത്തിയ പ്രഭാകരൻ, ഭീകരത വിതച്ച് ഭീകരത മാത്രമേ കൊയ്യാനാവുകയുള്ളുവെന്ന് തെളിയിക്കുകയായിരുന്നു.

റെസ്റ്റോറന്റിലെ ചെറിയ 'പുലിമടയിൽ' നിന്നും രക്ഷപെട്ടതിന്റെ ആശ്വാസം ഇപ്പോഴുണ്ടെങ്കിലും അന്നത്തെ ഇരട്ടപ്പുലികളുടെ സാമീപ്യം വല്ലാതെ ഇന്നും മനസ്സിനെ കുലുക്കുന്നുണ്ട്.



*തൃശൂർ കോർപറേഷൻ കൗൺസിലറായി സത്യപ്രതിജ്ഞ ചെയ്ത ഉണ്ണികൃഷ്ണൻ ഈച്ചരത്തിനെ കേരളാ കോൺഗ്രസ് (എം) ജില്ലാ പ്രസിഡണ്ട് എ.എൽ. സെബാസ്റ്റ്യൻ മാസ്റ്റർ അനുമോദിക്കുന്നു.*

*കോർപ്പറേഷനു മുന്നിൽ കേരളാ കോൺഗ്രസ് (എം) തൃശ്ശൂർ നിയോജകമണ്ഡലം കമ്മിറ്റി സംഘടിപ്പിച്ച സ്വീകരണയോഗത്തിൽ പ്രസിഡണ്ട് കെ.എസ്. ഫ്രാൻസീസ് അധ്യക്ഷത വഹിച്ചു. വി.ടി. ജോസ്, വർഗീസ് നായങ്കര, സി.വി. കുര്യാക്കോസ്, ബേബി നെല്ലിക്കുഴി, തോമസ് ആന്റണി, ബിജു ആന്റണി, സത്യനാരായണൻ, ജെയിംസ് മുട്ടിക്കൽ, ജെസ്മോൻ ചാക്കുണ്ണി എന്നിവർ പ്രസംഗിച്ചു.*

## ഡോ. വർഗീസ് പേരയിൽ ചർച്ച് ഹിസ്റ്ററി അസോസിയേഷൻ ബോർഡ് ഓഫ് ട്രസ്റ്റി



കേരളാ കോൺഗ്രസ് (എം) സംസ്കാരവേദി ചെയർമാനും കേരളാ സർവകലാശാല സെനറ്റംഗവുമായ ഡോ. വർഗീസ് പേരയിലിനെ ഇന്ത്യയിലെ വിവിധ ക്രൈസ്തവ സഭകളിലെ ചരിത്രകാരന്മാരുടെ സംഘടനയായ 'ചർച്ച് ഹിസ്റ്ററി അസ്സോസിയേഷൻ ഓഫ് ഇന്ത്യ'യുടെ ബോർഡ് ഓഫ് ട്രസ്റ്റിയായി തിരഞ്ഞെടുത്തു.

മേഘാലയയിലെ ഷില്ലോംഗിൽ നടന്ന 14-ാമതു ട്രിനിയൽ കോൺഫറൻസാണു അദ്ദേഹത്തെ തെരഞ്ഞെടുത്തത്. മേഘാലയയിലെ നോർത്ത് ഈസ്റ്റ് ഹിൽ യൂണിവേഴ്സിറ്റിയിൽ നടന്ന സമ്മേളനം യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. പ്രമോദ് തണ്ടർ ഉദ്ഘാടനം ചെയ്തു.

ഡോ.ഒ.എൽ. സൈറ്റംഗ് (മേഘാലയ)പ്രസിഡണ്ടും പ്രൊഫ. ജോർജ് മേനാച്ചേരി (തൃശൂർ) ജനറൽ സെക്രട്ടറിയുമാണ്.

## >> 3 അഴീക്കോടും ചില അസാംസ്കാരിക ജല്പനങ്ങളും

ഈ തെരഞ്ഞെടുപ്പ് കാലത്താണ് കോൺഗ്രസിന്റെ മുഖ്യ പ്രചാരകനായിരുന്ന രാഹുൽ ഗാന്ധിയെക്കുറിച്ച് ഇന്ത്യൻ എക്സ്പ്രസ്, അദ്ദേഹം കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിൽ നിന്ന് നേടിയ എംഫിൽ ബിരുദം കളവാണെന്ന വാർത്ത എഡിറ്റോറിയൽ പേജിൽ എക്സ്പ്രസിന്റെ എഡിറ്റർ പേരുവച്ച് എഴുതിയത്. ഇന്ത്യയിലെ ഏറ്റവും വലിയ പാർട്ടിയായ കോൺഗ്രസിന്റെ പ്രവർത്തകരാരും എക്സ്പ്രസിന്റെ ഓഫീസ് ആക്രമിക്കുകയോ രാഹുൽ ഗാന്ധി അവരെ ചീത്തവിളിക്കുകയോ ചെയ്തില്ല. അസത്യം നിറഞ്ഞ കാര്യം പ്രസിദ്ധീകരിച്ചുവെന്ന് കാണിച്ച് കോൺഗ്രസ് പാർട്ടി മാനനഷ്ടക്കേസ് കൊടുത്തു. ഏതാനും ദിവസങ്ങൾക്കുള്ളിൽ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി അധികൃതർ അയച്ച കത്ത് പരസ്യമായി. രാഹുൽ ഗാന്ധി ഞങ്ങളുടെ യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദം കരസ്ഥമാക്കിയതാണെന്നും അദ്ദേഹം ഞങ്ങളുടെ വിദ്യാർത്ഥിയായിരുന്നതിൽ യൂണിവേഴ്സിറ്റി അഭിമാനിക്കുന്നുവെന്നുമായിരുന്നു ഉള്ളടക്കം.

തെരഞ്ഞെടുപ്പ് ഫലം പുറത്തുവന്നതിനു ശേഷം മെയ് 17ന് ഇന്ത്യൻ എക്സ്പ്രസിന്റെ മുഖപ്പേജ് രാഹുൽ ഗാന്ധിയുടെ കൂറ്റൻ ചിത്രവും 'ഹിസ് റിസ്ക്, ഹിസ് വിൻ' എന്ന തലക്കെട്ടോടെയാണ് പുറത്തിറങ്ങിയത്. ഇത് ഗാന്ധിസത്തിന്റെ 2009 കാലത്തെ വിജയമാണ്. അഴീക്കോട് ഇക്കാര്യം ചൂണ്ടിക്കാട്ടിയിട്ടെങ്കിലും പിണറായി വിജയനെ പൊതുപ്രവർത്തന പാരമ്പര്യം പഠിപ്പിക്കണം.

ദേശാഭിമാനി ലേഖനത്തിൽ അഴീക്കോട് ക്ഷുഭിതനാവുന്നത് ഇസ്രായേൽ ആയുധ ഇടപാടിൽ ആന്റണി മോഷ്ടാവാണെന്ന് ആരും പറഞ്ഞില്ലെന്നതിന്റെ പേരിലാണ്. ലാവ്‌ലിൻ കേസിൽ ഒമ്പതാം പ്രതി മാത്രമായ പിണറായി വിജയനെ നിശിതമായി മാധ്യമങ്ങൾ ആക്രമിക്കുന്നു. നയനാർ ഫുട്ബോൾ മത്സരത്തിന്, സിംഗപ്പൂരിൽ വൃക്ക ഫൗണ്ടേഷന്റെ അഴിമതിക്കേസിൽ പ്രതിയായ ഫാരിസ് അബൂബക്കറിന്റെ പക്കൽ നിന്നും പണം വാങ്ങിയതും, ലോട്ടറി രാജാവും പിടികിട്ടാപ്പുള്ളിയുമായ സാന്റിയാഗോ മാർട്ടിനിൽ നിന്ന് പണം വാങ്ങിയതും മാധ്യമങ്ങളിലൂടെ പുറത്തുവന്ന ചില സത്യങ്ങൾ മാത്രമാണ്. ഇതൊക്കെ സത്യമായതുകൊണ്ടാണല്ലോ മാർട്ടിനിൽ നിന്ന് വാങ്ങിയ പണം തിരിച്ചു നല്കിയെന്ന് പിണറായിയുടെ പാർട്ടിക്ക് സമ്മതിക്കേണ്ടി വന്നതും.

സംശുദ്ധമായ പൊതുപ്രവർത്തന പാരമ്പര്യമുള്ള ആന്റണിയെ കള്ളനാക്കിയിട്ട് വേണമോ അഴീക്കോടിന് പിണറായി വിജയനെ രക്ഷിക്കാൻ? ഏതു തരത്തിലുള്ള അന്വേഷണത്തിലൂടെയും പ്രതിരോധ മന്ത്രാലയത്തിന്റെ അഴിമതി കണ്ടെത്തിക്കൊള്ളൂ എന്ന് ആന്റണി ഇന്ത്യയിലെയും ലോകത്തിലെയും മാധ്യമങ്ങളുടെ മുന്നിൽ നിന്ന് വെല്ലുവിളിച്ചപ്പോൾ അത് ഏറ്റെടുക്കാൻ ആർക്കും കഴിഞ്ഞില്ല. ലാവ്‌ലിൻ കേസിൽ അഴീക്കോടിന്റെ ചങ്ങാതി പിണറായി വിജയന് ഈ ധീരത ഇല്ലാതെപോയി. സിബിഐ അന്വേഷണം അട്ടിമറിക്കാൻ, അച്യുതാനന്ദ നിർദേശത്തെപ്പോലും മറികടന്നുകൊണ്ട് പ്രോസിക്യൂഷൻ നടപടി വേണ്ടെന്ന് മന്ത്രിസഭയെക്കൊണ്ട് തീരുമാനം എടുപ്പിച്ച രാഷ്ട്രീയ ധാർഷ്ട്യത്തിന് അഴീക്കോടിന്റെ വക പ്രണാമം. എതിർത്ത അച്യുതാനന്ദന് തരം കിട്ടുമ്പോൾ അഴീക്കോടിന്റെ വക ചീത്ത പറച്ചിലിന്റെ തത്ത്വമസി സമ്മാനിക്കുന്നു!

**സംശുദ്ധമായ പൊതുപ്രവർത്തന പാരമ്പര്യമുള്ള ആന്റണിയെ കള്ളനാക്കിയിട്ട് വേണമോ അഴീക്കോടിന് പിണറായി വിജയനെ രക്ഷിക്കാൻ? ഏതു തരത്തിലുള്ള അന്വേഷണത്തിലൂടെയും പ്രതിരോധ മന്ത്രാലയത്തിന്റെ അഴിമതി കണ്ടെത്തിക്കൊള്ളൂ എന്ന് ആന്റണി ഇന്ത്യയിലെയും ലോകത്തിലെയും മാധ്യമങ്ങളുടെ മുന്നിൽ നിന്ന് വെല്ലുവിളിച്ചപ്പോൾ അത് ഏറ്റെടുക്കാൻ ആർക്കും കഴിഞ്ഞില്ല. ലാവ്‌ലിൻ കേസിൽ അഴീക്കോടിന്റെ ചങ്ങാതി പിണറായി വിജയന് ഈ ധീരത ഇല്ലാതെപോയി. സിബിഐ അന്വേഷണം അട്ടിമറിക്കാൻ, അച്യുതാനന്ദ നിർദേശത്തെപ്പോലും മറികടന്നു കൊണ്ട് പ്രോസിക്യൂഷൻ നടപടി വേണ്ടെന്ന് മന്ത്രിസഭയെക്കൊണ്ട് തീരുമാനം എടുപ്പിച്ച രാഷ്ട്രീയ ധാർഷ്ട്യത്തിന് അഴീക്കോടിന്റെ വക പ്രണാമം. എതിർത്ത അച്യുതാനന്ദന് തരം കിട്ടുമ്പോൾ അഴീക്കോടിന്റെ വക ചീത്ത പറച്ചിലിന്റെ തത്ത്വമസി സമ്മാനിക്കുന്നു!**

ദേശാഭിമാനി ലേഖനത്തിൽ അഴീക്കോടുന്നയിക്കുന്ന മറ്റൊരാക്ഷേപം മൻമോഹൻസിംഗ് രാജ്യസഭയിലൂടെയാണ് പ്രധാനമന്ത്രിയായതെന്നാണ്. ഈ മൻമോഹൻസിംഗിനെ പ്രധാനമന്ത്രിയാക്കിയാണ് കോൺഗ്രസ് തെരഞ്ഞെടുപ്പിനെ നേരിട്ടതും ഏറ്റവും വലിയ കക്ഷിയായതും. മൻമോഹൻ സിംഗ് പ്രസംഗിക്കാനെത്തിയ എറണാകുളത്തും കോഴിക്കോട്ടും തിരുവനന്തപുരത്തും ഇടതുമുന്നണി സ്ഥാനാർത്ഥികൾ അമ്പേ പരാജയപ്പെടുകയും ചെയ്തു. 1962ൽ തലശ്ശേരിയിൽ കോൺഗ്രസ് സ്ഥാനാർത്ഥിയായി പരാജയപ്പെട്ടതിന് അഴീക്കോട് പാർട്ടിയെ കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. ജനങ്ങൾ പാർട്ടി നേതൃത്വത്തെക്കാൾ ദീർഘദർശനം ഉള്ളവരാണെന്ന് ഇന്ന് കേരളജനതയും കോൺഗ്രസ് പാർട്ടിയും തിരിച്ചറിയുന്നു.

സുകുമാർ അഴീക്കോട് കോൺഗ്രസിന്റെ സ്ഥാനാർത്ഥി മാത്രമായിരുന്നില്ല. പ്രസംഗകൻ കൂടിയായിരുന്നു. 1957 കാലത്ത് അന്നത്തെ ഇഎംഎസ്സിന്റെ പാർട്ടിക്കെതിരേ പറഞ്ഞ വാകൃങ്ങളും മറ്റും ഇന്നും ചരിത്രത്താളുകളിൽ മായാതെ അവശേഷിക്കുന്നു. "മനുഷ്യൻ അധഃപതിച്ചാൽ മൃഗമാകും. മൃഗം അധഃപതിച്ചാൽ സോവിയറ്റ് കമ്യൂണിസ്റ്റാകും. സോവിയറ്റ് കമ്യൂണിസ്റ്റ് അധ:പതിച്ചാൽ ഇന്ത്യൻ കമ്യൂണിസ്റ്റാകും. ഇന്ത്യൻ കമ്യൂണിസ്റ്റ് അധഃപതിച്ചാൽ കേരള കമ്യൂണിസ്റ്റാകും. കേരള കമ്യൂണിസ്റ്റ് അധഃപതിച്ചാൽ മുണ്ടശ്ശേരിയാവും". ഇത്തരം രാഷ്ട്രീയ അശ്ലീലങ്ങളെ മറികടന്ന് അഴീക്കോടിന് എങ്ങനെ പിണറായിക്കുവേണ്ടി കുഴലൂത്ത് നടത്താൻ കഴിയുന്നു.

അവസരവാദം രാഷ്ട്രീയക്കാരന്റെ കലയാണെന്നാണ് പൊതുവേ കരുതപ്പെടുന്നത്. ഇതിനൊരു അപവാദമായി തീരുകയാണ് സാംസ്കാരിക നായകനായ അഴീക്കോടും. കെ.എം. തരകൻ സാഹിത്യ അക്കാദമി പ്രസിഡണ്ടായിരിക്കെ എം.പി.നാരായണപിള്ളയ്ക്ക് അവാർഡ് കൊടുത്തപ്പോൾ അദ്ദേഹം നിഷേധിച്ചു. അക്കാദമി അവാർഡ് പിൻവലിച്ചതിൽ പ്രതിഷേധിച്ച് അക്കാദമി വിശിഷ്ടാംഗത്വം അക്കാദമിക്ക് തിരിച്ചുകൊടുത്ത് അഴീക്കോട് കൈയടി വാങ്ങി. വർഷങ്ങൾക്കു ശേഷം എം.ടി. വാസുദേവൻ നായർ പ്രസിഡണ്ടായപ്പോൾ ആ വിശിഷ്ടാഗത്വം തിരികെ വാങ്ങി! കോഴിക്കോട് യൂണിവേഴ്സിറ്റിയുടെ വൈസ്ചാൻസലറാക്കാത്തതുകൊണ്ട് കരുണാകരൻ അഴിമതിക്കാരനും ആന്റണി നല്ലവനുമായി. ഇപ്പോൾ ആന്റണി അഴിമതിക്കാരനും പിണറായി ഗാന്ധിജിക്കു ശേഷം ഇന്ത്യ കണ്ട ഏറ്റവും നല്ല പൊതുപ്രവർത്തകനുമായി!

അടിയന്തിരാവസ്ഥകാലത്ത് അതിനെ സ്തുതിച്ച്, " പ്രതിസന്ധികൾ ഒരു ജനത എങ്ങനെ നേരിടണം " എന്ന ലേഖനമെഴുതിയ അഴീക്കോട് കോൺഗ്രസും ഇന്ദിരയും തെരഞ്ഞെടുപ്പിൽ തോറ്റപ്പോൾ അടിയന്തിരാവസ്ഥ മാനുഷിക മൂല്യങ്ങളെ ചവിട്ടിമെതിച്ചു എന്ന് ആക്ഷേപിച്ചു.

ടാഗോറിന്റെ ഗീതാഞ്ജലിയിൽ കൊടുങ്കാറ്റ് വീശിയടിക്കുന്ന പാതിരാവിൽ ഒരു മൺചെരാതിൽ എരിഞ്ഞുനില്ക്കുന്ന കെടാറായ വിളക്കിനടുത്ത് ഉറങ്ങാതെ കാത്തുനില്ക്കുന്ന ധീരന്റെ ചിത്രം ഉണ്ട്. ഇത് സാംസ്കാരിക നായകനെക്കുറിച്ചുള്ള മനോഹരമായ ഭാവനയാണ്. എസ്എൻഡിപി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ പറഞ്ഞു, കവറിന്റെ കനം നോക്കിയാണ് അഴീക്കോടിന്റെ പ്രസംഗമെന്ന്. സമകാലിക സംഭവങ്ങളെ വിശകലനം ചെയ്യുകയും സൂക്ഷ്മമായി നിരീക്ഷിക്കുകയും ചെയ്താൽ ഇത് യാഥാർത്ഥ്യമാണെന്ന് തോന്നാം. വെള്ളാപ്പള്ളി നടേശൻ പറഞ്ഞതുകൊണ്ടു മാത്രം സത്യം അതല്ലാതായി മാറുകയില്ലല്ലോ?

# ശ്രീശങ്കരാചാര്യരും കേരള സംസ്കാരവും

## വൈജ്ഞാനികം

**ഡോ. എൻ.പി. ഉണ്ണി**
(മുൻ വൈസ് ചാൻസലർ , ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല, കാലടി)

**അ**ദ്വൈതമത പ്രതിഷ്ഠാപകനായ ശങ്കരഭഗവത്പാദരുടെ ജന്മഭൂമിയെന്ന നിലയിലാണ് അഭിജ്ഞലോകം കേരളത്തെ അറിയുന്നത്. അദ്ദേഹത്തിന്റെ ജനനംകൊണ്ട് കേരളത്തിനുണ്ടായ സൗഭാഗ്യം നമുക്ക് മറക്കാനാവാത്തതാണ്. അദ്ദേഹത്തിന്റെ കൃതികളെപ്പറ്റിയും സിദ്ധാന്തങ്ങളെപ്പറ്റിയും വിഭിന്നങ്ങളായ അഭിപ്രായങ്ങളുണ്ടെങ്കിലും ജന്മദേശത്തെപ്പറ്റി ആരും തർക്കം പുറപ്പെടുവിച്ചിട്ടില്ല. ശങ്കരാചാര്യരുടെ ജീവചരിത്രം സംക്ഷിപ്തമായി പ്രതിപാദിക്കുന്ന ഒരു പദ്യം ഗോവിന്ദനാഥനെന്ന ശിഷ്യൻ എഴുതിയിട്ടുണ്ട്. അതിന്റെ ആശയം ഇങ്ങനെയാണ്:

"കേരളദേശത്തിന് ശോഭ നല്കിയ കാലടി എന്ന ദേശത്ത് ശ്രീപതിമന്ദിരത്തിന് (കൃഷ്ണക്ഷേത്രത്തിന്) സമീപമുള്ള ഭവനത്തിൽ ജാതനായ ശ്രീശങ്കരൻ എന്ന ദ്വിജൻ (നമ്പൂതിരി) സർവജ്ഞനായിത്തീർന്നു. പതിനാറാമത്തെ വയസ്സിൽ തന്നെ വിദ്വാനായിത്തീർന്ന അദ്ദേഹം ബദര്യാശ്രമത്തിൽ എത്തിച്ചേർന്നു. അവിടെ വച്ച് ഭഗവദ്ഗീത, ബ്രഹ്മസൂത്രം, ദശോപനിഷത്തുകൾ എന്നിവയ്ക്ക് വ്യഖ്യാനം രചിച്ചിരുന്നു. അങ്ങനെയുള്ള കവിയായ ശ്രീശങ്കരാചാര്യർ നിങ്ങളെ രക്ഷിക്കട്ടെ."

ഇതനുസരിച്ച് കുന്നത്തുനാടു താലൂക്കിൽ മഞ്ഞപ്ര പകുതിയിൽ പെട്ട കാലടി എന്ന സ്ഥലത്തുള്ള കൈപ്പള്ളി ഇല്ലത്തിലാണ് ശങ്കരാചാര്യർ ജനിച്ചതെന്നു വിശ്വസിച്ചുവരുന്നു. അദ്ദേഹത്തിന്റെ ജനനംകൊണ്ട് കേരളീയർക്കു ലഭിച്ച മഹാഭാഗ്യത്തെപ്പറ്റി മഹാകവി ഉള്ളൂർ ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്:

"ഈ ലോകത്തിൽ പർവതങ്ങളുടെ ചക്രവർത്തി ഹിമവാനാണെങ്കിൽ പണ്ഡിതന്മാരുടെ ചക്രവർത്തി ശങ്കരഭഗവത്പാദരാകുന്നു. തങ്ങളുടെ ആവിർഭാവത്താൽ ഉത്തരസീമയെ അലങ്കരിച്ച ഹിമവാനും ഈ മഹാപുരുഷനും ഭാരതഭൂമിയുടെ രണ്ട് അഭിമാനസ്തംഭങ്ങളാണ്. ശങ്കരാചാര്യരെപ്പോലെയുള്ള ഒരു സർവതന്ത്രസ്വതന്ത്രന്റെ – പദവാക്യപ്രമാണപരീണന്റെ – പരമതത്വപ്രവക്താവിന്റെ – ജനനിയായിത്തീരുവാനുള്ള യോഗം നമ്മുടെ ജന്മഭൂമിയായ കേരളത്തിനാണല്ലോ സിദ്ധിച്ചത്. ആ സ്മരണ നമ്മുടെ ഹൃദയത്തെ വികസിപ്പിക്കും. ശിരസ്സിനെ ഉന്നമിപ്പിക്കും. ശരീരത്തെ കോൾമയിർ കൊള്ളിക്കും. കണ്ണുകളിൽ ആനന്ദബാഷ്പം നിറയ്ക്കും, നമ്മെ അഭിജാതന്മാരും ആത്മവീര്യന്മാരുമാക്കും. ആ മഹാത്മാവിന്റെ കനിഷ്ഠസോദരത്വം ഒന്നുകൊണ്ടുതന്നെ നാം എന്നും, എവിടെയും ഏതു പരിതഃസ്ഥിതിയിലും ധന്യന്മാരാണ്."

പൂർണാനദി (പെരിയാർ)യുടെ തീരത്തു ജനിച്ച ശങ്കരാചാര്യരുടെ ബാല്യവും വിദ്യാഭ്യാസവും കേരളത്തിൽ തന്നെയായിരുന്നു. മൂന്നാം വയസ്സിൽ ചൗളകർമവും തുടർന്ന് ഉപനയനവും കഴിച്ചതിനുശേഷം വിദ്യാഭ്യാസത്തിനായി ഗുരുകുലത്തിലെത്തി. അഞ്ചു വയസ്സായപ്പോഴേക്കും "ദ്വിജത്വം" നേടി. വിദ്യാഭ്യാസത്തെപ്പറ്റി ഇങ്ങനെ പറഞ്ഞിരിക്കുന്നു.

*അഷ്ടവർഷേ ചതുർവേദാൻ*
*ദ്വാദശേ സർവശാസ്ത്രകൃത്*
*ഷോഡശേ കൃതവാൻ ഭാഷ്യം*
*ദ്വാത്രിംശേ മുനിരഭ്യഗാത്*

ഇതിൻപ്രകാരം എട്ടാംവയസ്സിൽ നാലു വേദങ്ങളും പഠിച്ചു. പന്ത്രണ്ടാം വയസ്സിൽ ശാസ്ത്രഗ്രന്ഥങ്ങൾ എഴുതാൻ തുടങ്ങി. പതിനാറാം വയസിൽ ഭാഷ്യമുണ്ടാക്കി. മുപ്പത്തിരണ്ടാം വയസ്സിൽ സമാധി പ്രാപിച്ചു.

ലൗകിക ജീവിതത്തിൽ താത്പര്യമില്ലാതിരുന്ന ശങ്കരൻ അമ്മയുടെ അനുവാദ



ത്തോടെ സന്യാസം സ്വീകരിച്ചു. പൂർണാനദിയിൽ കുളിക്കുമ്പോൾ ഒരു മുതല വന്നു കാലിൽ പിടികൂടിയെന്നും സന്യസിക്കുവാൻ അനുവാദം കിട്ടിയാലേ മുതല കടി വിടുകയുള്ളു എന്നും ശങ്കരൻ പറഞ്ഞുവെന്നും ഐതിഹ്യമുണ്ട്. ശങ്കരനെ പിടികൂടിയ മുതല സംസാരജീവിതമായിരുന്നുവെന്നും അതിൽനിന്നുള്ള മുക്തിയാണു സന്യാസമെന്നും കരുതണം.

ശങ്കരാചാര്യ കൃതികൾ ഇരുപതു വാല്യങ്ങളിലായി ശ്രീരംഗത്തുനിന്നു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇവയെ ഭാഷ്യങ്ങൾ, മൂലഗ്രന്ഥങ്ങൾ, സ്തോത്രങ്ങൾ, മന്ത്രശാസ്ത്രം എന്നിങ്ങനെ നാലായി തരം തിരിക്കാം. ഇവയെല്ലാം ശങ്കരന്റെ കൃതികളാണോ എന്നു സംശയിക്കുന്നവരുമുണ്ട്.

പ്രസ്ഥാനത്രയത്തിന് ഭാഷ്യമെഴുതിയ ശങ്കരാചാര്യരാണ് നമുക്ക് അഭിമതൻ എന്നു പറയാം. ബ്രഹ്മസൂത്രഭാഷ്യം അഥവാ ശാരീരികമീമാംസാഭാഷ്യം, ഭഗവദ്ഗീതാഭാഷ്യം, ദശോപനിഷദ് ഭാഷ്യം എന്നിവയാണു അദ്ദേഹത്തിന്റെ പ്രാമാണിക ഗ്രന്ഥങ്ങൾ. ഇവ കൂടാതെ ഉപദേശസാഹസ്രി, വിഷ്ണുസഹസ്രനാമം എന്നിവയ്ക്കും അദ്ദേഹം വ്യാഖ്യാനം രചിച്ചിട്ടുണ്ട്.

അദ്വൈത വേദാന്ത തത്വങ്ങൾ പ്രതിപാദിക്കുന്ന ഇവ കൂടാതെ മറ്റു പല പ്രകരണ ഗ്രന്ഥങ്ങളും അദ്ദേഹം എഴുതിയതായി കരുതപ്പെടുന്നു. ശങ്കരകൃതികളെപ്പറ്റി ഒരു പഠനം നടത്തണമെങ്കിൽ അനേകം പുസ്തകങ്ങൾതന്നെ എഴുതേണ്ടിവരും.

ശങ്കരവിജയകാരനായ വിദ്യാരണ്യൻ ഇങ്ങനെ കുറിക്കുന്നു:

"പരമാചാര്യനായ ശ്രീശങ്കരന്റെ വാക്കുകളുടെ സമൂഹം കല്പവൃക്ഷത്തിന്റെ പൂക്കളുടെ ചൊരിച്ചിൽ പോലെയാകുന്നു. അവയുടെ അർത്ഥതലങ്ങളാകട്ടെ ചിന്താമണിയെന്ന (അറിവിനെ പ്രദാനം ചെയ്യുന്ന) വിശിഷ്ട രത്നത്തിന്റെ കിരണ സമൂഹത്തിന്റെ പ്രസരണം പോലെയാകുന്നു. അവയിൽ ഉൾക്കൊള്ളുന്ന ഇടതടവില്ലാത്ത വ്യംഗ്യാർത്ഥപരമ്പരയാകട്ടെ ദേവന്മാരുടെ കാമധേനുവെന്ന പശുവിന്റെ പാലിനോടൊപ്പം പുറപ്പെട്ടവയാകുന്നു. അങ്ങനെയുള്ള അർത്ഥപൂർണമായ കാവ്യസമൂഹങ്ങൾകൊണ്ട് ഒരു സ്വർഗലോകം തന്നെ ശങ്കരഗുരു സൃഷ്ടിക്കുന്നു."

ശങ്കരന്റെ പ്രവർത്തനരംഗം കേരളത്തിന് വെളിയിലായിരുന്നുവെന്നു കരുതപ്പെടുന്നു. അമ്മ മരിച്ചപ്പോൾ മടങ്ങിവന്ന ശങ്കരനെ മാതാവിന്റെ ശവശരീരം ദഹിപ്പിക്കാൻ കാലടിയിലുള്ള ബ്രാഹ്മണർ സഹായിച്ചില്ലെന്നു പറയപ്പെടുന്നു. ശങ്കരൻ പരദേശത്തുനിന്നു വന്ന് ശവംതൊട്ട് അശുദ്ധമാക്കിയതിനാലാണ് അവർ സഹകരിക്കാതിരുന്നത്. അതിനാൽ ശങ്കരൻ കാലടിദേശത്തെ ബ്രാഹ്മണരെ ശപിച്ചുവെന്ന കഥ ഇന്നും പ്രചാരത്തിലുണ്ട്.

അമ്മയെ സംസ്കരിച്ചതിനുശേഷം ചിതയ്ക്കു പ്രദക്ഷിണം വെച്ച് സാഷ്ടാംഗം നമസ്കരിച്ചിട്ട് അദ്ദേഹം ചൊല്ലിയ പദ്യം മാതൃസ്നേഹത്തിനും മാതൃമഹത്വത്തിനും ഉത്തമനിദർശനമാണ്. അതിന്റെ ആശയം:

"പ്രസവസമയത്തുണ്ടാകുന്ന പേറ്റുനോവിന്റെ കാര്യം പറയേണ്ടതില്ലല്ലൊ. ഗർഭകാലത്തുണ്ടാകുന്ന രുചിയില്ലായ്മ, ശരീരത്തിനുണ്ടാകുന്ന ക്ഷീണം, മെലിച്ചിൽ, പ്രസവശേഷം കട്ടിലിൽ കിടക്കുമ്പോൾ നവജാതശിശുവിന്റെ മലമൂത്രവിസർജ്ജനത്തിൽ ഉള്ള കിടപ്പ് എന്നിങ്ങനെയുള്ള പലവിധ ക്ലേശങ്ങൾ ഒന്നിനുപോലും ഒരു പ്രത്യുപകാരം നല്കുന്നതിന് എത്രകണ്ട് സമുന്നതനായിത്തീരുന്ന മകനും സാധിക്കുന്നതല്ല. അങ്ങനെയുള്ള അമ്മയ്ക്ക് നമസ്കാരം.

കർമമാർഗവും ഭക്തിമാർഗവും തമ്മിൽ ഭാരതത്തിലൊട്ടാകെത്തന്നെ ഒരു വലിയ മത്സരം നടന്നുകൊണ്ടിരുന്ന അവസരത്തിലാണ് ശങ്കരന്റെ ആവിർഭാവം. ആദ്യത്തെ കൂട്ടർ യാഗാദികർമങ്ങൾക്ക് അമിതമായ പ്രാധാന്യം നല്കി. കേരളീയർ ഇക്കാര്യത്തിൽ ഒരു പടി മുന്നിലായിരുന്നു. കർമഭൂമിയെന്ന പേരുതന്നെ കേരളത്തിനു ലഭിക്കാനിടയാകത്തക്ക രീതിയിൽ ഇവിടെ യാഗാനുഷ്ഠാനങ്ങൾ നടന്നു. മേഴത്തോളഗ്നിഹോത്രി തൊണ്ണൂറ്റി ഒൻപതു യാഗം നടത്തിയതായി കരുതപ്പെടുന്നു.

നിത്യ നൈമിത്തിക കാര്യങ്ങൾക്കായി യാഗാനുഷ്ഠാനം നടത്തുവാൻ കേരളീയർ തയ്യാറായി. യജനവും യാജനവും ബ്രാഹ്മണധർമങ്ങളായി ഉയർത്തിക്കാട്ടി. രണ്ടാമത്തെ വിഭാഗത്തിൽപെട്ട ഭക്തിമാർഗക്കാർ ദേവതാപ്രീതിക്കായി ഹിംസ നടത്താനും തയ്യാറായി. ക്ഷേത്രങ്ങളിൽ കോഴി, ആട്, തുടങ്ങിയവയെ ഹിംസിക്കുക വഴി കർമകാണ്ഡക്കാരെ അതിശയിക്കത്തക്ക രീതിയിൽ ജന്തുഹിംസ നടത്തി. യാഗത്തിന് ജന്തുഹിംസ അനുവദനീയമായിരുന്നുവെന്നാണല്ലോ കരുതപ്പെട്ടത്. ശാക്തന്മാരുടെയും കാപാലികന്മാരുടെയുമിടയിൽ മതം അസാൻമാർഗിക ചര്യയ്ക്കും ഒരു മറവായിതീർന്നു. ഈ കാഴ്ചപ്പാട് തിരുത്തണമെന്നു ശങ്കരൻ ആഗ്രഹിച്ചു. കർമഭൂമി വിട്ട് ഗുരുവിനെത്തേടി പോകാൻ ശങ്കരനെ പ്രേരിപ്പിച്ചതുതന്നെ ഈ പ്രവണതയാണ്.

തന്റെ ഗൃഹത്തിൽനിന്നു പുറപ്പെട്ട ശങ്കരൻ സർവസംഗ പരിത്യാഗിയായി പരമാത്മാവിനെത്തന്നെ ധ്യാനിച്ചുകൊണ്ട് നാടുംനഗരവും കാടും നദിയും തരണം ചെയ്തു കാൽനടയായി യാത്ര ആരംഭിച്ചു. ഗോവിന്ദനാഥന്റെ ശിഷ്യനായി സന്ന്യാസം സ്വീകരിക്കണമെന്നായിരുന്നു ആഗ്രഹം. എന്തെന്നാൽ അനന്തന്റെ അവതാരമായി കരുതപ്പെടുന്ന പതഞ്ജലിയുടെ മറ്റൊരവതാരമായി അദ്ദേഹം ഗോവിന്ദനാഥനെ കണ്ടു വന്ദിച്ചു.

"നീ ആര്?" എന്ന ഗോവിന്ദനാഥന്റെ ചോദ്യത്തിനുത്തരമായി ശങ്കരാചാര്യർ പത്തു പദ്യങ്ങൾ ചൊല്ലിയതിൽ ഒന്നിന്റെ ആശയം താഴെ ചേർക്കുന്നു. ദശശ്ലോകി എന്നാണിവയുടെ പേര്.

"ഞാൻ ഭൂമിയല്ല, ജലമല്ല, തേജസ്സല്ല, വായുവുമല്ല, ആകശവുമല്ല ഇന്ദ്രിയമല്ല (പഞ്ചേന്ദ്രിയങ്ങൾ), അവയുടെ എല്ലാം സമൂഹവുമല്ല. അനൈകാന്തികത്വത്താൽ അവ്യവസ്ഥിതമായതിനാൽ – ഇന്നതെന്ന് തീർത്തു പറയാനാവാത്തതിനാൽ – സ്വപ്നത്തിൽ കാണുന്നതുപോലെ അസ്തിത്വമുള്ളവനായി ശേഷിക്കുന്നു. അങ്ങനെയുള്ള കേവലനായ-വിശേഷണങ്ങൾക്കു യോജിക്കാനാവാത്ത തരത്തിലുള്ള ശിവനാണ് ഞാൻ"

ഇതുകേട്ട് സന്തോഷിച്ച ഗോവിന്ദനാഥൻ വേദാന്തത്തിലെ നാലുമഹാവാക്യങ്ങൾ ചൊല്ലിക്കൊടുത്ത് ശങ്കരന് സന്ന്യാസം നല്കി. പ്രജ്ഞാനം ബ്രഹ്മ, അഹംബ്രഹ്മാസ്മി, തത്ത്വമസി, അയമാത്മാ ബ്രഹ്മ എന്നീ നാലു മഹാവാക്യങ്ങൾ ഉരുവിട്ട് ശങ്കരൻ സന്ന്യാസിയായി. തുടർന്ന് അദ്ദേഹം വിജ്ഞാനത്തിന്റെ മണ്ഡലത്തിൽ ജൈത്രയാത്ര തുടങ്ങി. ഭാരതത്തിലെ വിവിധ കേന്ദ്രങ്ങൾ സന്ദർശിച്ചു പല പണ്ഡിതന്മാരുമായി ചർച്ച നടത്തി. പലരെയും വാദത്തിൽ തോല്പിച്ച് ശിഷ്യന്മാരായി സ്വീകരിച്ചു.

>> 14

ഇന്ത്യയുടെ നാലു ദിക്കുകളിൽ ഭാരതീയാധ്യാത്മികതയുടെ കാവൽ ഗോപുരങ്ങൾ പോലെ ശങ്കരാചാര്യർ നാലു മഠങ്ങൾ സ്ഥാപിച്ചു. കർണാടകത്തിലെ ശൃംഗേരിയിൽ ശൃംഗേരിമഠം (സരസ്വതിമഠം), ഗുജറാത്തിലെ ദ്വാരകയിൽ ശാരദാമഠം, ഉത്തർപ്രദേശിലെ ബദരീനാഥിൽ ജ്യോതിർമഠം, ഒറീസ്സയിലെ പുരിയിൽ ഗോവർധനമഠം.

ഓരോ മഠവും ഓരോ മഹാവാക്യം ഉപദേശിക്കുന്നു. ശൃംഗേരിമഠം അഹം ബ്രഹ്മാസ്മി (ഞാൻ ബ്രഹ്മമാണ്), ശാരദാമഠം തത്വമസി (അതു നീ ആകുന്നു), ജ്യോതിർമഠം അയമാത്മാ ബ്രഹ്മ (ഈ ആത്മാവു ബ്രഹ്മമാണ്), ഗോവർധനമഠം പ്രജ്ഞാനം ബ്രഹ്മ (ബുദ്ധി ബ്രഹ്മമാണ്) എന്നീ മഹാവാക്യങ്ങളാണുപദേശിക്കുന്നത്.

ശൃംഗേരിയിൽ യജൂർവേദവും ദ്വാരകയിൽ സാമവേദവും ബദരിയിൽ അഥർവവേദവും പുരിയിൽ ഋഗ്വേദവും അഭ്യസിപ്പിക്കുന്നു. തമിഴ്നാട്ടിൽ കാഞ്ചിയിലെ കാമകോടി പീഠം ശങ്കരാചാര്യർ സ്ഥാപിച്ചതാണെന്നും അല്ലെന്നും അഭിപ്രായമുണ്ട്. ഭാരതം ജന്മം നല്കിയ ഏറ്റവും ഉജ്വലമായ ധൈഷണികപ്രഭാവം എന്നു ശങ്കരാചാര്യർ വിശേഷിപ്പിക്കപ്പെടുന്നു.

ശങ്കരാചാര്യരുടെ മഹാസമാധി തൃശൂർ മതിലകത്തായിരുന്നുവെന്ന് ഐതിഹ്യമുണ്ട്. ആചാര്യർ സ്ഥാപിച്ച നാലു മഠങ്ങളെ അനുസ്മരിപ്പിച്ചുകൊണ്ടു ശിഷ്യന്മാർ തൃശ്ശൂരിൽ സ്ഥാപിച്ച വടക്കേമഠം, നടുവിൽ മഠം, എടയിൽ മഠം, തെക്കേമഠം എന്നിവയുടെ കാര്യവും ഓർക്കാവുന്നതാണ്.

ഇതിൽനിന്നെല്ലാം വ്യത്യസ്തമായി ശ്രീശങ്കരൻ കൊച്ചിക്കു സമീപം കുമ്പളത്തെ മേൽപാഴൂരില്ലത്താണു ജനിച്ചതെന്നും മഹാസമാധി ചേന്ദമംഗലം ഗ്രാമത്തിലായിരുന്നുവെന്നും 'ചരിത്രത്തിന്റെ അടിവേരുകൾ' എന്ന ഗ്രന്ഥത്തിൽ കേസരി ബാലകൃഷ്ണപിള്ള ഒരു വാദം ഉന്നയിക്കുന്നുണ്ട്. ശ്രീശങ്കരൻ സന്യാസം സ്വീകരിച്ചത് എ.ഡി. 820 ൽ 32-ാം വയസ്സിലാണെന്നും സമാധിയടഞ്ഞത് 872 ൽ 88-ാം വയസ്സിലാണെന്നുംകൂടി അദ്ദേഹം സ്ഥാപിക്കാൻ ശ്രമിക്കുന്നു. ഈ വസ്തുതകൾ മറ്റു ചരിത്രകാരന്മാർ ആരും തന്നെ ഗൗരവമായി പരിഗണിക്കുന്നില്ല.

CYAN MAGENTA YELLOW BLACK

# ബാലലോകം

സിപ്പിയങ്കിളും കുട്ട്യോളും

## ഇവളെന്റെ പ്രിയപുത്രി

*പ്രിയ കൂട്ടുകാരേ,*

ഗാന്ധിജിയുടെ ആശ്രമത്തിൽ ഒരിക്കൽ വെള്ളക്കാരിയായ ഒരു പെൺകുട്ടി വന്നുചേർന്നു. മഹാത്മാവിനെക്കുറിച്ച് ധാരാളം കാര്യങ്ങൾ കേട്ടറിഞ്ഞും വായിച്ചു മനസ്സിലാക്കിയുമാണ് അവൾ അവിടെയെത്തിയത്. കൃശഗാത്രനായ ആ യുഗപുരുഷനെ അവൾ വളരെനേരം കണ്ണെടുക്കാതെ നോക്കിനിന്നു. അദ്ദേഹത്തിന്റെ ഓരോ ചലനവും അവളെ നന്നായി ആകർഷിച്ചു. 'മെഡലിൻ സ്ലെയിസ്' എന്നായിരുന്നു ആ പെൺകുട്ടിയുടെ പേര്.

താമസിയാതെ മെഡലിൻ സ്ലെയിസ് അവിടെ ഒരന്തേവാസിയായിത്തീർന്നു. ഗാന്ധിജി അവൾക്ക് ജീവന്റെ ജീവനായിത്തീർന്നു. അദ്ദേഹവും സ്വന്തം മകളെപ്പോലെയാണ് അവളെ കണക്കാക്കിയത്. ആംഗലനാമം ഉപേക്ഷിച്ച് അവൾ 'മീരാബെൻ' എന്ന പേര് സ്വീകരിച്ചു. ചുരുക്കിപ്പറഞ്ഞാൽ സബർമതി ആശ്രമത്തിന്റെ ഒരു മണിവിളക്കായിരുന്നു ആ പെൺകുട്ടി. 'ഇവളെന്റെ പ്രിയ പുത്രി' എന്നാണ് ഗാന്ധിജി അവളെ വിശേഷിപ്പിച്ചത്.

ഒരു ദിവസം അദ്ദേഹം എന്തോ കുത്തിക്കുറിക്കുകയായിരുന്നു. അപ്പോൾ മീരാബെൻ അടുക്കലെത്തി. ഒരു പിതാവിനോടെന്നപോലെ അവൾ ചോദിച്ചു: " ബാപ്പുജി, അങ്ങ് ദൈവത്തെ കണ്ടിട്ടുണ്ടോ?"

"ഉവ്വ്, ഞാൻ കണ്ടിട്ടുണ്ട്. ഒറ്റയ്ക്കല്ല; മറ്റുള്ളവരുടെ കൂടെ". ഗാന്ധിജി മന്ദസ്മേരത്തോടെ അറിയിച്ചു.

"അതെങ്ങനെയാണ് ബാപ്പുജീ?" അവൾക്ക് അറിയാൻ ആകാംക്ഷയായി.

"മോളേ, ദൈവത്തെ ഒറ്റയ്ക്ക് കാണാനാവുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല."

"പിന്നെ?" അവൾ സാകൂതം ചോദിച്ചു.

" എന്റെ ദൈവം തെരുവോരത്തും പാതവക്കിലും അവിടെ ചിതറിക്കിടക്കുന്ന പൊടിമണ്ണിലുമൊക്കെയാണ് കാണപ്പെടുന്നത്; അല്ലാതെ ആർക്കും എത്താനാവാത്ത കൊടുമുടിയിലോ, മലഞ്ചെരിവിലെ ഗുഹകളിലോ അല്ല"- ഗാന്ധിജി വിശദമാക്കി. അദ്ദേഹം പറയുന്നതിന്റെ പൊരുൾ അവൾ മനസ്സിലാക്കി. കഷ്ടപ്പെടുന്നവരുടെയും കണ്ണീരൊഴുക്കുന്നവരുടെയും ഇടയിലാണ് ദൈവം വസിക്കുന്നതെന്നായിരുന്നു അദ്ദേഹം നല്കിയ സൂചന.

ഗാന്ധിജിയുടെ കാല്പ്പാടുകൾ പിൻതുടർന്ന് പില്ക്കാലത്ത് ഒരു ഭാരതീയ വനിതയായി മീരാബെൻ സബർമതി ആശ്രമത്തിൽ ജീവിച്ചു. ആശ്രമത്തിന്റെ താക്കോൽ എന്നെന്നേക്കുമായി മഹാത്മാവ് ഏല്പിച്ചത് അവളുടെ കൈകളിലായിരുന്നു.

*സസ്നേഹം*

**സിപ്പിയങ്കിൾ**

കുട്ടിക്കവിത

## ഇരട്ടകൾ!



കനകയ്ക്കിരട്ടയായ്
കലികയുണ്ടെങ്കിലും
കളികൾക്കു കൂട്ടിനായ്
കണികയാണ്!

കണികയ്ക്കിരട്ടയായ്
കറുകയുണ്ടെങ്കിലും
കറുകയ്ക്കിണക്കൂട്ട്
കലികയാണ്!

നാല്വർക്കും കൂട്ടിനായ്
നവനയും മഹിമയും
നയനയും ജലജയും
സരസയുമായ്!

**ടി.കെ. മാറിയിടം**

## ബാലനോവൽ - 16

**അന്തീനാട് ജോസ്**

# സ്വർണ്ണവിളക്ക്

**ഈ** സമയമൊക്കെയും ഭീകരർ വിളക്കുമായി ലാവോസ് വരുന്നതും കാത്ത് കാട്ടുചെടികൾക്ക് പിന്നിൽ മറഞ്ഞിരിക്കുകയായിരുന്നു. ലാവോസ് കൊട്ടാരത്തിലെ രഹസ്യ അറയിൽ കടന്നിട്ട് ഏതാണ്ട് അരമണിക്കൂർ കഴിഞ്ഞിരുന്നു.

എന്നിട്ടും അവനെ കാണുന്നില്ല! അവർ ഓരോ നിമിഷവും തള്ളിനീക്കി. അതേസമയം സ്വർണവിളക്കുമായി നീങ്ങുകയായിരുന്ന ലാവോസിന്റെ മനസ്സിൽ അലതല്ലിയ സന്തോഷത്തിന് അതിരില്ലായിരുന്നു. എത്ര ദിവസങ്ങൾ വനത്തിലൂടെ അലഞ്ഞശേഷമാണ് ആ വിളക്ക് സ്വന്തമാക്കാൻ കഴിഞ്ഞത്. ഇനി എത്രയും വേഗം അതുമായി വംഗദേശത്തിലെത്തണം. ഇനി വെറും രണ്ടു ദിവസത്തെ അവധി കൂടിയേയുള്ളൂ. അതുകഴിഞ്ഞാൽ..... മീനോസിന്റെ കാര്യത്തെക്കുറിച്ച് ഓർക്കാൻ പോലും വയ്യ.

കിങ്കരന്മാർ മെല്ലെ തലയുയർത്തി നോക്കി. കടന്നുപോകുന്ന ഓരോ നിമിഷവും ഓരോ യുഗമായി അവർക്കു തോന്നി. വിളക്കുമായി ലാവോസ് ഇറങ്ങി വരുന്നതും നോക്കി കണ്ണിൽ എണ്ണയൊഴിച്ച് കാത്തിരിക്കുകയാണ് അവർ. അവൻ എന്തുകൊണ്ടാണിത്ര താമസിക്കുന്നത്? വിളക്കെടുക്കാൻ ഇത്രതാമസം വരുന്നതെന്തുകൊണ്ടാണ്? ഒരു പക്ഷേ അവൻ മറ്റേതെങ്കിലും വഴിയിലൂടെ കടന്നുകളഞ്ഞിരിക്കുമോ? അതിനു സാധ്യത കുറവാണ്. കാരണം അവന്റെ അരയിൽ കെട്ടിയിരിക്കുന്ന കയറിന്റെ അറ്റം തങ്ങളുടെ കൈവശമാണല്ലോ. പിന്നെ അവൻ രക്ഷപ്പെടുന്ന പ്രശ്നമേയില്ല അവർ സ്വയം ആശ്വസിച്ചു.

സമയം പിന്നെയും ഇഴഞ്ഞു നീങ്ങി. രാത്രിയുടെ യാമങ്ങൾ ഒന്നൊന്നായി കൊഴിഞ്ഞു വീണുകൊണ്ടിരുന്നു. അകലെ മാനത്തു വിളറിയ ചന്ദ്രക്കല തെളിഞ്ഞു കാണുന്നുണ്ട്. വനത്തിലെങ്ങും നേർത്ത വെളിച്ചം നിലാവുമായി കൂടിക്കുഴഞ്ഞു കിടക്കുന്നു. സമയമിത്രയായിട്ടും ലാവോസിനെ കാണാതായപ്പോൾ അവർക്ക് വല്ലാത്ത



കോപം വന്നു. അവൻ അവിടെങ്ങാനും കിടന്നുറങ്ങിപ്പോയോ?

അവർ കോപം കൊണ്ട് പല്ലുകൾ ഞെരിച്ചു. പിന്നെ ഒട്ടും താമസിച്ചില്ല. കൈയിലിരുന്ന കയറിൽ പിടിച്ചു ആഞ്ഞൊരുവലി.

പെട്ടെന്നു കാട്ടു രാജാവിന്റെ കൊട്ടാരത്തിൽ നിന്നും വലിയൊരലർച്ച കേട്ടു. എന്തൊക്കെയോ തട്ടിമറിയുന്ന ശബ്ദവും. കാവല്ക്കാരുടെ നിലവിളികേട്ടു കാടു പോലും നടുങ്ങി.

എങ്ങും വല്ലാത്ത ബഹളം. ആയുധങ്ങളുടെ നിലയ്ക്കാത്ത കിലുകിലുക്കം . കാട്ടുചെടികൾക്കു മറവിൽ ലാവോസിനെ കാത്തിരുന്ന ഭീകരന്മാർ പേടിച്ചു വിറച്ചു. കയറിൽ പിടിച്ചു വലിച്ചത് വലിയ അബദ്ധമായെന്ന് അവർക്കു തോന്നി.

ഇനി എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് അവർ ചെവിയോർത്തു. കാട്ടുരാജാവിന്റെ ശിങ്കിടികൾ അതിഭീകരന്മാരാണ്. അവരെ നേരിടാൻ ലോകത്തിൽ ഒരു ശക്തിക്കുമാവില്ല. അവർ ഭയം കൊണ്ടു വിറച്ചു. വിളക്കു കിട്ടിയില്ലെങ്കിലും ജീവനെങ്കിലും കിട്ടിയാൽ മതിയെന്നായി.

അവർ ഒന്നുംകൂടി ചെടികൾക്കിടയിൽ കൂനിക്കൂടിയിരുന്നു. പക്ഷേ പിന്നിൽ എന്തോ ശബ്ദം കേട്ട് ഞെട്ടിത്തിരിഞ്ഞ അവർ കണ്ടതു കാട്ടു രാജാവിന്റെ പടയാളികൾ തങ്ങളെ വലയം ചെയ്തിരിക്കുന്നതാണ്.

പടയാളികൾ അവരെ ഒന്നടങ്കം തൂക്കിയെടുത്തു തടവറയിലാക്കി. അതിനുശേഷം സ്വർണവിളക്കും അതു മോഷ്ടിച്ചവനെയും തിരക്കി നാലുപാടും ഓടി.

*(തുടരും)*

CYAN MAGENTA YELLOW BLACK